(Pages : 3) 112356 **1710**

Sl. No. 495968

# S.S.L.C. EXAMINATION, MARCH - 2017

## MALAYALAM

First Language - Paper II

Time : 1½ Hours | Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം

Score

1\. 'ആരാണ് മുന്നിൽ, പുറത്തേക്കശാന്തനാ- 1
യീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ ?'

– ഈ വരികൾ കൊണ്ടർത്ഥമാക്കുന്നതെന്ത് ?

- ദൈവം മനുഷ്യനെപ്പോലെ പുറത്തിറങ്ങി നടക്കാറുണ്ട്.
- ദൈവം എല്ലാറ്റിനും സാക്ഷിയാവുന്നു.
- ക്ഷേത്രത്തിനുള്ളിൽ കാറ്റ് കുറവാണ്.
- ക്ഷേത്രത്തിലെ ശാന്തിക്കാരൻ അവധിയിലാണ്.

2\. താഴെപ്പറയുന്നവയിൽ മരണത്തെ സൂചിപ്പിക്കുന്ന പ്രയോഗം ഏത് ? 1

- കന്നിപ്പാടത്ത് വെയിലിന്റെ വേലിയേറ്റം.
- മൂപ്പര് പോയി.
- മനസ്സിന്റെ ക്ലാവു പിടിച്ച കണ്ണാടി.
- ജര ബാധിച്ച സമയം.

3\. 'അതിന്റെ ജീവൻ പോകുന്നതു കാണുമ്പോൾ കണ്ണു നിറയാത്തത്, കണ്ണിൽ കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതുകൊണ്ടാണ്' 2

– ഈ വരികളിൽ തെളിയുന്ന നർമ്മം വിശദമാക്കുക.

4\. 'നീളും മലയുടെ ചങ്ങലവട്ടയിൽ 2
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിള്ളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ'

– ഈ വരികളിലെ വാങ്മയചിത്രത്തിന്റെ ഭംഗി വിശദമാക്കുക.

Score

5. അർത്ഥ വ്യത്യാസം വരാതെ രണ്ട് വാക്യങ്ങളാക്കുക. 2

'നീണ്ട വരാന്തകളും വെൺമയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിൽപ്പോലും ഇതൊരു വീടാവുന്നില്ല'.

**ഏതെങ്കിലും അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക. 5x4=20

6. ആശുപത്രിപ്പരിസരത്തും വിദ്യാലയമുറ്റത്തും അമ്മയെ ഉപേക്ഷിക്കാൻ മകന് സാധിക്കാത്തതെന്തുകൊണ്ടാണ് ?

– അമ്മത്തൊട്ടിൽ എന്ന കവിത വിശകലനം ചെയ്ത് കുറിപ്പെഴുതുക.

7. മർക്കോസു പറഞ്ഞു : "ഈ പറമ്പിലിനി വല്ലതുമൊണ്ടോ ബാക്കി ? എന്തുനട്ടാലും നശിപ്പിക്കുന്ന ഒരു കോഴി" – കോഴിയെക്കുറിച്ചുള്ള ഈ പരാമർശം മത്തായിയെക്കൂടി ഉദ്ദേശിച്ചുള്ളതാണോ ?

– കഥ വിശകലനം ചെയ്ത് വിശദമാക്കുക.

8. 'പൊക്കിളിൻ വള്ളിയടർത്തിക്കളഞ്ഞുനിൻ
പൊൽക്കരൾ കൂട്ടിന്റെയുള്ളിൽ വന്നപ്പൊഴേ
പോയകാലത്തിൻ മധുരങ്ങളിൽക്കൊതി-
യൂറുന്ന ശീലം മറന്നുതുടങ്ങി ഞാൻ'

– അമ്മത്തൊട്ടിൽ എന്ന കവിതയിലെ നായകന് സംഭവിച്ച മാറ്റം മേൽക്കൊടുത്ത വരികൾ വിശകലനം ചെയ്ത് വിശദീകരിക്കുക.

9. 'പത്രത്തെ എതിർക്കേണ്ടി വന്നാൽ, ആ എതിർപ്പിനുപോലും പ്രചാരം വേണമെങ്കിൽ പത്രത്തെത്തന്നെ ആശ്രയിക്കണം' – സുകുമാർ അഴീക്കോടിന്റെ ഈ അഭിപ്രായം സാമൂഹിക മാധ്യമങ്ങളുടെ പുതിയ കാലത്ത് എത്രമാത്രം പ്രസക്തമാണെന്ന് പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

10. • "ആ സാധനം ഞാനെടുത്ത് ഒര് നമ്പറിട്ട് മാറ്റിവച്ചു. നൂറ്റി ഇരുപത്തിയൊമ്പത്"
• "നെനക്കറിയാലോ... കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചിട്ടില്ല"

– കണക്കുകളിലും അക്കങ്ങളിലും മാത്രം മുഴുകി ജീവിക്കുന്നവരിൽ മാനുഷിക വികാരങ്ങളും മൂല്യങ്ങളും അപ്രത്യക്ഷമാകുന്നു എന്നതിനുദാഹരണമാണോ 'പണയ'ത്തിലെ ചാക്കുണ്ണി എന്ന കഥാപാത്രം ? മേൽക്കൊടുത്ത സൂചനകളെ അടിസ്ഥാനമാക്കി വിലയിരുത്തുക.

1710

Score

112556

11. 'മരച്ചില്ലയിൽ

ഇരുപ്പുണ്ടൊരു കിളി

റിങ്ടോൺ

കേട്ടു വളർന്നവൾ'

– കേരളീയ ജീവിതത്തിനു വന്നു ചേർന്ന എന്തുതരം മാറ്റത്തെക്കുറിച്ചാണ് റിങ്ടോൺ എന്ന കവിത സൂചിപ്പിക്കുന്നത് ? വരികൾ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

**ഏതെങ്കിലും രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക (ഒരു പുറം വീതം) 2x6=12

12. • 'അവൾ ദോഷം വരുത്തുകയില്ല എന്നുള്ള അമ്മയുടെ വിശ്വാസം ജയിച്ചു. അവിടെ കിളച്ചുപൊന്തിയ മാവിൻ തയ്യിനെ 'കൊച്ചുചക്കരച്ചിയുടെ മകൾ' എന്ന നിലയിൽ അമ്മ വാത്സല്യത്തോടെ വളർത്തി' (കൊച്ചുചക്കരച്ചി)

• 'ഇതൊക്കെ കുട്ട്യോളടെ പോലെ നോക്കണ്ട സാധനങ്ങളാണേ. റേഡിയോടെ പിന്നില് നോക്ക്യാ അറിയാം. ഒരു കുട്ടീടെ പടം' (പണയം)

–പ്രിയങ്കരങ്ങളായ വസ്തുക്കളോട് സ്വന്തം മക്കളോടെന്നപോലെ മമതയുണ്ടായിരുന്ന ഒരു സംസ്കാരം മലയാളിക്കുണ്ടായിരുന്നു എന്ന് ഓർമ്മിപ്പിക്കുകയാണോ മേൽ സൂചിപ്പിച്ച രചനകൾ. പാഠഭാഗങ്ങൾ വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

13. • 'മനുഷ്യജാതിയെന്ന വിശ്വവിശാലമായ ആശയത്തിന്റെ പ്രഥമാവതാരകനാണ് ഗുരു'.

• 'മനുഷ്യർക്കു മാത്രം സംശയം. സ്വന്തം ജാതി തിരിച്ചറിയാനുള്ള ശക്തിയില്ല. മൃഗങ്ങളെക്കാളും മോശം'.

– മേൽക്കൊടുത്ത പ്രസ്താവനകളുടെ വെളിച്ചത്തിൽ ജാതിയെക്കുറിച്ചുള്ള ശ്രീനാരായണ ഗുരുവിന്റെ വീക്ഷണം വിശദമാക്കുന്ന ഉപന്യാസം തയാറാക്കുക.

14. • 'ഔസേപ്പ് നെല്ല് കൂലി കൊടുക്കാത്തതെന്തുകൊണ്ടാണെന്ന് കോരന് മനസ്സിലായി. നെല്ലിന് നല്ല വിലയുണ്ട്'.

• 'ആണ്ടോടാണ്ട് പതിനായിരപ്പറ നിലം കൃഷി ഉണ്ടായിരുന്ന ഒരു കൃഷിക്കാരന്റെ വേലക്കാരനായിട്ട് എട്ടു വയസ്സിൽ കൂടിയതാണയാൾ. അതിനുശേഷം ആ കൃഷിക്കാരൻ കോടീശ്വരനാവുകയും ക്ഷയിക്കുകയും പിന്നെ ഉയരുകയും ചെയ്തു.'

– കോരനെപ്പോലെയുള്ളവരെ പട്ടിണിയിലേക്ക് തള്ളിയിട്ട പഴയകാല സാമൂഹിക ഘടനയെക്കുറിച്ചുള്ള എന്തെല്ലാം സൂചനകൾ പാഠഭാഗത്തു നിന്ന് ലഭിക്കുന്നുണ്ട് ? വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

-oOo-